# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 195

10.06.2013-ൽ മറുപടിയ്ക്ക്

### മദ്യപിച്ച് വാഹനമോടിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. മോയിൻകുട്ടി** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് മദ്യപിച്ച് വാഹന മോടിക്കുന്നത് കൊണ്ടുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) മദ്യപിച്ച് വാഹനമോടിക്കുന്നയാൾ സ്വന്തം സുരക്ഷയ്ക്കും റോഡിലൂടെ പോകുന്ന മറ്റ് യാത്രികർക്കും വൻഭീഷണി സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണി ക്കുമോ; | (ബി) സംസ്ഥാനത്ത് അപകടങ്ങൾക്ക് ഒരു പ്രധാന കാരണം മദ്യപിച്ച് വാഹന മോടിക്കുന്നതാണ് എന്ന് കണ്ടെത്തിയി ട്ടുള്ളതും ഈ പ്രവണത ഇല്ലായ്മ ചെയ്യുന്നതിനായി ശക്തമായ നടപടി കൾ പോലീസ് സ്വീകരിച്ച് വരിക യുമാണ്. മദ്യപിച്ച് വാഹനം ഓടിക്കു ന്നവർക്കെതിരെ നിലവിലെ നിയമമനു സരിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുകയും കൂടാതെ ഇവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ സർമാർക്ക് റിപ്പോർട്ട് അയയ്ക്കു കയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| **(സി)** | അപകടങ്ങളുണ്ടാകുമ്പോൾ ഡ്രൈവറുടെ രക്തപരിശോധന നിർബന്ധമാക്കുന്നതിനും മദ്യപിക്കുന്ന ഡ്രൈവർക്ക് പരമാവധി ശിക്ഷ ഉറപ്പു വരുത്തുന്നതിനും, ഇവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) | മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും ഇവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുമായി ബന്ധപ്പെട്ട ആർ.ടി.ഒ മാർക്ക് റിപ്പോർട്ട് അയച്ച് നടപടി സ്വീകരിച്ചു വരുന്നു. അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ രക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാർ ഒളിവിൽ പോവുകയും പിന്നീട് ഹാജരാകുകയും ചെയ്യുന്ന അവസരങ്ങളിൽ രക്തപരിശോധന അപ്രസക്തമാകുന്ന അവസ്ഥ സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**